**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 85** **02-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,**<br>**ശ്രീ. പി. ഉബൈദുള്ള ,**<br>**ശ്രീ. എ. കെ. എം. അഷ്‌റഫ്,**<br>**ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളി മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ സർക്കാർ പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വിശദമാക്കാം. തീരദേശ മേഖലകളിൽ താമസിക്കുകയും മത്സ്യബന്ധനത്തെ ആശ്രയിച്ച് ജീവിക്കുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികൾ നിലവിൽ നേരിടുന്ന പ്രശ്നങ്ങളിൽ ഒന്നാണ് CRZ വിജ്ഞാപനത്തിലെ നിർദേശങ്ങൾ.<br><br>CRZ 2019 വിജ്ഞാപനത്തിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസകരമായ ഇളവുകൾ പലതും ഉണ്ടായിരുന്നു. മുമ്പ് 200 മീറ്ററായിരുന്ന No Development Zone (NDZ) പല പ്രദേശങ്ങളിലും 50 മീറ്ററായി കുറച്ചു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് NDZ പരിധിക്കുള്ളിലും വീടുകൾ പണിയാൻ അനുമതി നൽകുന്ന വ്യവസ്ഥകൾ കൊണ്ടുവന്നു. കൂടാതെ Local Self Government Institutions (LSGD) കൾക്ക് 300 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള വീടുകൾക്ക് അനുമതി നൽകാനുള്ള അധികാരവും CRZ വിജ്ഞാപനം 2019 പ്രകാരം ലഭിച്ചു. ഇതെല്ലാം മത്സ്യത്തൊഴിലാളികളുടെ ദീർഘകാല ആവശ്യങ്ങൾ പരിഗണിച്ചുള്ള നടപടികളായാണ് സർക്കാർ വിലയിരുത്തുന്നത്. എന്നാൽ ഈ വിജ്ഞാപനം പ്രകാരം മത്സ്യഗ്രാമങ്ങൾ CRZ പരിധിയിൽ ഉൾപ്പെട്ടതോടെ വീടുകൾ പുതുക്കുന്നതിനും പുതിയ വീടുകൾ പണിയുന്നതിനും അനുമതി ലഭിക്കാത്ത സാഹചര്യം ഉണ്ടായതായും, Pokkali/Kaipad പോലുള്ള പ്രദേശങ്ങളെ CRZ-I ആയി വർഗീകരിച്ചതുമൂലം ജീവിതോപാധിക്ക് തന്നെ ഭീഷണിയുണ്ടായതായും പരാതി ഉയർന്നു.<br><br>ഈ സാഹചര്യങ്ങൾ എല്ലാം പരിഗണിച്ചുകൊണ്ട് കേരള സർക്കാർ പ്രശ്നങ്ങൾ പഠനവിധേയമാക്കുന്നതിനുള്ള നടപടികൾ |

സ്വീകരിച്ചു. CRZ Notification 2019 പ്രകാരം സംസ്ഥാനത്തിനായി Coastal Zone Management Plan തയ്യാറാക്കുന്നതിന് NCESS (National Centre for Earth Science Studies) നെ ചുമതലപ്പെടുത്തി. Kerala Coastal Zone Management Authority (KCZMA) മുഖേന തീരദേശ ജില്ലകളിൽ Coastal Zone Management Plan (CZMP) ന്റെ കരടുകൾ തയ്യാറാക്കി, അവയിൽ അഭിപ്രായങ്ങൾ ശേഖരിക്കുന്നതിനായി ജില്ലാ തല സ്റ്റേക്ക് ഹോൾഡർ കൺസൽട്ടേഷനുകളും ഓൺലൈൻ യോഗങ്ങളും നടത്താൻ നിർദേശം നൽകി. ഈ യോഗങ്ങളിൽ മത്സ്യത്തൊഴിലാളി സംഘടനകൾ, ട്രേഡ് യൂണിയനുകൾ, എൻ.ജി.ഒ-കൾ, ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കാൻ ശ്രമം നടത്തി.

മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട പ്രത്യേക പ്രശ്നങ്ങൾ സമഗ്രമായി പരിഹരിക്കുന്നതിനായി 11.06.2021ലെ സ.ഉ.(സാധാ)നം.290/2021/മത്സ്യ ഉത്തരവ് പ്രകാരം ഒരു സാങ്കേതിക സമിതി രൂപീകരിച്ചു. ഡോ. കെ.വി. തോമസ് (റിട്ട. ചീഫ് സയന്റിസ്റ്റ്, NCESS) അധ്യക്ഷനായ ഈ സമിതിയുടെ ദൗത്യം, മത്സ്യത്തൊഴിലാളികളുടെ താമസം, ഉപജീവനം, അടിസ്ഥാന സൗകര്യങ്ങൾ, സുരക്ഷ, തീരസംരക്ഷണം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തി ഒരു Integrated Fisheries Development Plan (IFDP) തയ്യാറാക്കുന്നതായിരുന്നു. മത്സ്യവകുപ്പിലെ ഉദ്യോഗസ്ഥർ, അക്കാദമിക് വിദഗ്ധർ, സാങ്കേതിക സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി സമിതി പ്രവർത്തിച്ചു.

ഇതോടൊപ്പം, സർക്കാർ തലത്തിൽ തന്നെ മത്സ്യത്തൊഴിലാളി സംഘടനകളുമായി നേരിട്ടുള്ള ചർച്ചകളും യോഗങ്ങളും സംഘടിപ്പിച്ചു. മന്ത്രി തലത്തിൽ സംഘടിപ്പിച്ച യോഗങ്ങളിൽ അഖില കേരള ധീവര സഭ ഉൾപ്പെടെയുള്ള വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികൾ അവരുടെ ആശങ്കകളും നിർദേശങ്ങളും അവതരിപ്പിച്ചു. CRZ വിജ്ഞാപനം മൂലമുള്ള ബുദ്ധിമുട്ടുകൾ, മത്സ്യഗ്രാമങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, ഭവനനിർമ്മാണ നിയന്ത്രണങ്ങളിൽ ഇളവുകൾ നൽകേണ്ടതിന്റെ ആവശ്യകത തുടങ്ങിയ വിഷയങ്ങൾ ഈ യോഗങ്ങളിൽ വിശദമായി ചർച്ച ചെയ്തു. സമിതി തയ്യാറാക്കിയ IFDPയിൽ ഈ നിർദേശങ്ങൾ പരിഗണിച്ചു.

| | | | |
|---|---|---|---|
| | | | സാങ്കേതിക സമിതി തയ്യാറാക്കിയ Integrated Fisheries Development Plan (IFDP) സർക്കാരിൽ ലഭ്യമാകുകയും അത് Kerala Coastal Zone Management Plan-ൽ ഉൾപ്പെടുത്തുന്നതിനായി KCZMA യിലേക്കും തുടർന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിലേക്കും കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br><br>ഈ പ്ലാനിലൂടെ മത്സ്യത്തൊഴിലാളികളുടെ താമസസൗകര്യം, ഉപജീവന സുരക്ഷ, തീരസംരക്ഷണം, അടിസ്ഥാന സൗകര്യ വികസനം എന്നിവയെ പരിസ്ഥിതി സംരക്ഷണത്തോടൊപ്പം സമന്വയിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്.<br><br>സംസ്ഥാനത്തെ പീലിംഗ് ഷെഡ്ഡ് തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ, നിലവിലെ സ്ഥിതി എന്നിവ പഠിക്കുന്നതിലേക്കായി ഫിഷറീസ് ഡയറക്ടർ കമ്മിറ്റി രൂപീകരിക്കുകയും ആയതിന്റെ റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിലൂടെ പീലിംഗ് ഷെഡിലെ നിലവിലെ സ്ഥിതി, ഷെഡ്ഡുകളുടെ പ്രവർത്തനം, തൊഴിൽ സാഹചര്യം, മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച വിശദമായ പഠനം നടത്തിയിട്ടുള്ളതും പരിഹരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ ഉൾപ്പെടെയാണ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളത്. പീലിംഗ് ഷെഡ് തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ ചിലത് ചുവടെ ചേർക്കുന്നു.<br><br>1. പല തൊഴിൽ ഇടങ്ങളിലും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം .<br><br>2. ESI, EPF ആനുകൂല്യങ്ങൾ ഇത്തരക്കാർക്ക് ലഭിക്കാത്ത സാഹചര്യം.<br><br>3. രജിസ്ട്രേഷൻ, ലൈസൻസ്, ലേബർ വകുപ്പിന്റെ അനുവാദം എന്നിവ ലഭിക്കാതെ യൂണിറ്റുകൾ പ്രവർത്തിക്കുന്ന സാഹചര്യം.<br><br>4.സീസൺ അല്ലാത്ത സമയത്ത് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യം<br><br>മേൽ പരാമർശിച്ച കാര്യങ്ങൾ കൂടാതെ തൊഴിലാളികൾക്ക് ശുദ്ധ ജല ലഭ്യത, സാമ്പത്തിക ആനുകൂല്യങ്ങൾ എന്നിവ ഉറപ്പു നൽകുന്ന രീതിയിൽ നയങ്ങൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്. |
| (ബി) | കേരളത്തിന്റെ വ്യക്തിഗത മത്സ്യബന്ധനം ദേശീയ ശരാശരിയുടെ എത്ര ശതമാനമാണ്; കണക്ക് | (ബി) | കേരളത്തിലെ ആകെ മത്സ്യോത്പ്പാദനം ദേശീയ ശരാശരിയുടെ 5.24% ആണ്. കേരളത്തിലെ |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; | | ഉൾനാടൻ മത്സ്യോത്പ്പാദനം 2022-23ൽ 2.30 ലക്ഷം ടണ്ണായിരുന്നു. പ്രസ്തുത കാലയളവിൽ ഇന്ത്യയിലെ ഉൾനാടൻ മത്സ്യോത്പ്പാദനം 131.13 ലക്ഷം ടണ്ണായിരുന്നു. കേരളത്തിലെ ഉൾനാടൻ മത്സ്യോത്പ്പാദനം ദേശീയ ശരാശരിയുടെ 1.75% ആണ്.<br><br>കേരളത്തിലെ സമുദ്ര മത്സ്യോത്പ്പാദനം 2022-23ൽ 6.91 ലക്ഷം ടണ്ണായിരുന്നു. പ്രസ്തുത കാലയളവിൽ ഇന്ത്യയിലെ സമുദ്ര മത്സ്യോത്പ്പാദനം 44.32 ലക്ഷം ടണ്ണായിരുന്നു.<br><br>കേരളത്തിലെ സമുദ്ര മത്സ്യോത്പ്പാദനം ദേശീയ ശരാശരിയുടെ 15.59% ആണ്. കേരളത്തിലെ ആകെ മത്സ്യോത്പ്പാദനം 2024-25 ൽ 9.27 ലക്ഷം ടണ്ണായിരുന്നു. |
| (സി) | മത്സ്യത്തൊഴിലാളികൾക്കാവശ്യമായ മണ്ണെണ്ണ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; നിലവിൽ മണ്ണെണ്ണയ്ക്ക് നൽകി വരുന്ന സബ്സിഡി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (സി) | സബ്സിഡിയോടു കൂടി വെള്ള മണ്ണെണ്ണ (White Kerosene) വിതരണം ചെയ്യുന്നതിന് ബങ്കുകൾ സ്ഥാപിക്കുന്നതിന് അനുവാദം നൽകുകയും 9 തീരദേശ ജില്ലകളിൽ 13 മണ്ണെണ്ണ ബങ്കുകൾ മത്സ്യഫെഡ് മുഖേന സ്ഥാപിക്കുകയും ചെയ്തു. ടി നിശ്ചിത അളവ് മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25 രൂപ നിരക്കിൽ സബ്സിഡി മത്സ്യത്തൊഴിലാളികൾക്ക് DBT (Direct Beneficiary Transfer)പ്രകാരം ബാങ്ക് അക്കൌണ്ടിലേയ്ക്കാണ് വിതരണം ചെയ്ത് വരുന്നത്. ടി മണ്ണെണ്ണ പെർമിറ്റ് കാർഡുള്ള മത്സ്യത്തൊഴിലാളികൾക്ക് 10 HP വരെയുള്ള എഞ്ചിനുകൾക്ക് 140 ലിറ്റർ വരെ, 15 HP വരെയുള്ളവർക്ക് 150 ലിറ്റർ വരെയും 25 HP -ക്ക് മുകളിൽ ഉള്ള എഞ്ചിനുകൾക്ക് 190 ലിറ്റർ വരെ എന്ന രീതിയിൽ ആണ് നിലവിൽ വിതരണം ചെയ്യുന്നത്.<br><br>2.4 ലക്ഷം സജീവ മത്സ്യത്തൊഴിലാളികളുള്ള കേരള സംസ്ഥാനത്ത് ഔട്ട് ബോർഡ് മോട്ടോർ ഘടിപ്പിച്ച ഏകദേശം 35,000 പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾ മത്സ്യബന്ധനം നടത്തുന്നുണ്ട്. ഇതിൽ ഭൂരിപക്ഷം ഔട്ട് ബോർഡ് എഞ്ചിനുകളും മണ്ണെണ്ണയാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. പൊതുവിതരണ സമ്പ്രദായ (PDS) ത്തിലൂടെ മത്സ്യബന്ധനത്തിനായി സബ്സിഡിയോടു കൂടി ലഭിച്ചിരുന്ന മണ്ണെണ്ണ കേന്ദ്ര സർക്കാർ ഇപ്പോൾ നിർത്തി വെച്ചിരിക്കുകയാണ്. പകരം മത്സ്യബന്ധന മേഖല, കാർഷിക മേഖല, ഉത്സവം, പ്രകൃതി ദുരന്തം തുടങ്ങിയ ആവശ്യങ്ങൾക്ക് അനുവദിക്കുന്ന Non subsidized PDS മണ്ണെണ്ണയാണ് മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നത്. ഇത് തന്നെ വളരെ കുറഞ്ഞ അളവിലാണ് |

അനുവദിക്കുന്നത്. 2022-ൽ നടത്തിയ ജോയിന്റ് വെരിഫിക്കേഷൻ പ്രകാരം 14,502 മത്സ്യബന്ധനയാനങ്ങൾക്ക് പ്രതിവർഷം 1,12,154.616 കിലോ ലിറ്റർ മണ്ണെണ്ണ ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. എന്നാൽ 2022 - 2023 സാമ്പത്തിക വർഷം 7,160 കിലോ ലിറ്റർ മണ്ണെണ്ണയും, 2023 - 24 സാമ്പത്തിക വർഷം 3,300 കിലോ ലിറ്റർ മണ്ണെണ്ണയും, 2024-25 സാമ്പത്തിക വർഷത്തിൽ 1,248 കിലോ ലിറ്റർ മണ്ണെണ്ണയും മാത്രമാണ് കേന്ദ്ര സർക്കാർ മത്സ്യബന്ധന മേഖലക്ക് അനുവദിച്ചത്. 2025 - 26 സാമ്പത്തിക വർഷം നാളിത് വരെയായി 2,073 കിലോ ലിറ്റർ മണ്ണെണ്ണ മാത്രമാണ് ലഭിച്ചത്. സബ്സിഡി രഹിത മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കണമെന്നും മത്സ്യമേഖലയിൽ സബ്സിഡി രഹിത മണ്ണെണ്ണയുടെ മൊത്തവിതരണക്കാരായി മത്സ്യഫെഡിനെ ചുമതലപ്പെടുത്തണമെന്നും നിരന്തരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അനുകൂലമായ പ്രതികരണം ലഭിച്ചില്ല. നിർഭാഗ്യവശാൽ, യാനങ്ങളിൽ മണ്ണെണ്ണ ഉപയോഗിക്കുന്നത് വായു, സമുദ്ര മലിനീകരണത്തിന് കാരണമാകുമെന്നും ഇത് ജൈവവൈവിധ്യത്തിനും മത്സ്യബന്ധന സുസ്ഥിരതയ്ക്കും ഭീഷണിയാണെന്നുമുള്ള കാരണം പറഞ്ഞ് കേന്ദ്ര സർക്കാർ മണ്ണെണ്ണയുടെ ലഭ്യതയും സബ്സ്സിഡിയും ക്രമേണ പൂർണ്ണമായും നിർത്തലാക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഈ സമീപനം മത്സ്യത്തൊലാളികളെ സാമ്പത്തികമായി തകർക്കുമെന്ന് മുൻകൂട്ടി കണ്ട് അവർക്ക് താങ്ങാവുന്ന വിധത്തിൽ ബദൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്നതിന്റെ സാധ്യതകൾ സംസ്ഥാന സർക്കാർ പരിശോധിക്കുകയും അതിന്റെ ആദ്യപടിയായി നിലവിലുള്ള മണ്ണെണ്ണ എഞ്ചിനുകൾ പെട്രോൾ, എൽ.പി.ജി. എഞ്ചിനുകളാക്കി മാറ്റുന്നതിനുള്ള 13.55 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകി മത്സ്യഫെഡ് വഴി നടപ്പിലാക്കി വരുന്നു. 50% സബ്സിഡി നൽകിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. മണ്ണെണ്ണ എഞ്ചിൻ ഉപേക്ഷിച്ച് പെട്രോൾ എഞ്ചിനിലേക്ക് മാറുന്ന ഗുണഭോക്താക്കൾക്ക് അവരുടെ പെർമിറ്റുകളുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള അളവ് പെട്രോളിനും ലിറ്ററിന് 25 രൂപ സബ്സിഡി നൽകുന്ന പദ്ധതിക്കും അനുമതി നൽകിയിട്ടുണ്ട്.

അതോടൊപ്പം അടുത്ത നാല് വർഷത്തിനുള്ളിൽ മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന 35,000 ഔട്ട് ബോർഡ് മോട്ടോറുകൾ എൽ.പി.ജി. / സോളാറിൽ

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്ന സംവിധാനത്തിലേക്ക് മാറ്റുന്നതിലൂടെ കാർബൺ നിർഗമനം കുറയ്ക്കുക, ഇന്ധനച്ചെലവ് 40% കുറയ്ക്കുക, മത്സ്യത്തൊഴിലാളികളുടെ ആരോഗ്യവും സുരക്ഷയും മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ 2025-26 സാമ്പത്തിക വർഷത്തെ PM-MKSSY പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണെണ്ണ ഔട്ട് ബോർഡ് മോട്ടോറുകൾ എൽ.പി.ജി./ സോളാർ ഔട്ട് ബോർഡ് മോട്ടോറുകളാക്കി മാറ്റുന്ന 134.085 കോടി രൂപയുടെ പദ്ധതി State Level Approval and Monitoring Committee (SLAMC) അംഗീകരിച്ച് സംസ്ഥാന സർക്കാരിന്റെ 12/08/2025 തീയതിയിലെ കത്ത് പ്രകാരം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br><br>പദ്ധതി പ്രകാരം ഒരു എഞ്ചിന് ഏകദേശം 35,000/- രൂപ പരിവർത്തന ചെലവ് കണക്കാക്കുന്നു. ഇതിൽ 50 % കേന്ദ്ര - സംസ്ഥാന സർക്കാർ സസ്സിഡിയും (12,250/- + 5,250/- = 17,500), ബാക്കി 50% (17,500/- രൂപ) ഗുണഭോക്തൃ വിഹിതവുമാണ്. പദ്ധതിക്കായി ആകെ കണക്കാക്കിയിരിക്കുന്ന ചെലവ് 134.085 കോടി രൂപയാണ്. ഇതിൽ 72.835 കോടി രൂപ സർക്കാർ വിഹിതവും 61.25 കോടി രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഗുണഭോക്താവിന്റെ സാമ്പത്തിക ഭാരം ലഘൂകരിക്കുന്നതിന്, ഗുണഭോക്തൃ വിഹിതമായ 17,500 രൂപയുടെ 90 ശതമാനം തുകയായ 15,750 രൂപ ബാങ്ക് വായ്പയായി നൽകുന്നതിനും വായ്പയുടെ പലിശ ചെലവ് സംസ്ഥാന സർക്കാർ വഹിക്കുന്നതിനും പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. സബ്സിഡി നിർത്തലാക്കിയത് മൂലവും മണ്ണെണ്ണയുടെ ലഭ്യതക്കുറവ് മൂലവും പ്രതിസന്ധിയിലായ മത്സ്യമേഖലയ്ക്ക് വലിയ ആശ്വാസമാകുന്ന ടി പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്ന് അംഗീകാരം ലഭിച്ചാലുടൻ തന്നെ പദ്ധതി നടപ്പാക്കുന്നതാണ്.<br><br>മണ്ണെണ്ണയ്ക്ക് നിലവിൽ നൽകി വരുന്ന സബ്സിഡി തുക വർധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ